# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1888** **7.03.2017-ൽ മറുപടിയ്ക്ക്**

## ലൈറ്റ് മെട്രോ പദ്ധതി

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ:**

(എ) തലസ്ഥാനത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ റെയിൽ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് മുൻസർക്കാർ ആസൂത്രണം ചെയ്തിട്ടുള്ളത്;

**മറുപടി**

**ശ്രീ.പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ മുൻ സർക്കാർ തീരുമാനിച്ചിരുന്നു. ഇതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് ജി.ഒ.(എം.എസ്) നം.74/2015/പൊ.മ.വ., തീയതി 11.09.2015 പ്രകാരം 6728 കോടി രൂപയ്ക്ക് ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്തസംരംഭമായി കൊച്ചി - മെട്രോ മാതൃകയിൽ പദ്ധതി നടപ്പിലാക്കാനാണ് തീരുമാനിച്ചത്. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതിയുടെ ഡി.പി.ആർ-ഉം മറ്റു വിശദാംശങ്ങളും ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു Special Purpose Vehicle രൂപീകരിച്ചു. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായി ഡി.എം.ആർ.സി-യെ നിയമിച്ചു കൊണ്ടുള്ള കരാർ20.01.2016-ന് ഒപ്പു വയ്ക്കുകയും

| | |
|---|---|
| | ചെയ്തു. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യമായ 19.54.716 ഏക്കർ സർക്കാർ ഭൂമിയും, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ ഡിപ്പോ/യാർഡ് നിർമ്മിക്കാൻ ആവശ്യങ്ങൾക്കായി 8.2819 ഹെക്ടർ സർക്കാർ ഭൂമിയും, സർക്കാർ ഉത്തരവ് പ്രകാരം കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതികൾ(ബി) നടപ്പാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; | ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഡി.എം.ആർ.സി-യെ നിയമിച്ചിട്ടുണ്ട്. |
| (സി) പദ്ധതികളുടെ തുടർനടപടികൾ(സി) ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | 08.09.2016—ലെ ജി.ഒ.(എം.എസ്) നം.67/2016/പൊ.മ.വ. പ്രകാരം ലൈറ്റ് മെട്രോ പദ്ധതിയുടെ സ്റ്റേഷനുകൾക്കു വേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ ഭരണാനുമതി നൽകി.തിരുവനന്തപുരത്ത് നിർദ്ദിഷ്ട ലൈറ്റ് മെട്രോ പാതയിൽ ഉൾപ്പെട്ട പട്ടം, ശ്രീകാര്യം, ഉള്ളൂർ എന്നീ പ്രധാന ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. ജില്ലാ കളക്ടർമാർ മുഖേന സ്ഥലമെടുപ്പിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ, തിരുവനന്തപുരം ലൈറ്റ് മേട്രോയുടെ മറ്റൊരു പ്രധാന പ്രാരംഭപ്രവർത്തനമായ കഴക്കൂട്ടം-കേശവദാസപുരം പാതവികസനത്തിനും16.01.2017-ലെ സ.ഉ.(സാധാ) 79/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**